I/123635/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ബിന്ദുഗോപിനാഥ് (i/c) )

വിഷയം:- വനിത ശിശു വികസന വകുപ്പ് – അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി - 2021-22 വർഷം പ്രീസ്കൂൾ കിറ്റ്, അങ്കണവാടി കണ്ടിജൻസി എന്നിവയ്ക്ക് അനുവദിച്ച തുക മാറി നൽകുവാൻ സാധിക്കാത്ത പ്രോജക്ടുകൾക്ക് തുക മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: 1.ഈ കാര്യാലയത്തിലെ 10/01/2022 തീയതിയിലെ ICDS/A1/10047/2021 നം. ഉത്തരവ്

2.ഈ കാര്യാലയത്തിലെ 13/01/2022 തീയതിയിലെ ICDS/A1/7557/2021 നം. ഉത്തരവ്

3.ഈ കാര്യാലയത്തിലെ 02/05/2023 തീയതിയിലെ DWCD/793/2022-ICDSA1 നം. കത്ത്.

4.സ.ഉ.(സാധാ) നം.338/2023/WCDD തീയതി 13/06/2023

5.09/10/2023 തീയതിയിലെ വ.ശി.വി.വ-ബി1/251/2023-വ.ശി.വി.വ നം. സർക്കാർ കത്ത്.

**ഉത്തരവ് നം.DWCD/793/2022-ICDSA1 തീയതി: 31-10-2023**

വനിത ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പ്രതിവർഷം പ്രീസ്കൂൾ കിറ്റ്, കണ്ടിജൻസി എന്നിവ വാങ്ങി വിതരണം ചെയ്തു വരുന്നു. 2021-22 സാമ്പത്തിക വർഷം ഇവയുടെ വാങ്ങലിനായി "2235-02-102-47-34 - അദർ ചാർജ്ജസ്സ് പ്ലാൻ" എന്ന ശീർഷകത്തിൽ നിന്നും ശിശുവികസന പദ്ധതി ഓഫീസർമാർക്ക് പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം തുക അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർ അനുവദിച്ച തുക വിനിയോഗിച്ച് വാങ്ങൽ നടപടികൾ സ്വീകരിക്കുകയുണ്ടായി.

ഏതാനും കാര്യാലയങ്ങൾ വാങ്ങൽ നടപടി പൂർത്തീകരിച്ചിരുന്നുവെങ്കിലും സാമ്പത്തിക വർഷാവസാനം ബില്ല് ഇ-സബ്മിറ്റ് ചെയ്യുവാൻ സാധിക്കാത്തതു കാരണം സാധനങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ലാത്തതും, ചില കാര്യാലയങ്ങൾ വാങ്ങൽ നടപടി പൂർത്തികരിക്കുകയും ട്രഷറിയിൽ ബില്ല് സമർപ്പിക്കുകയും ചെയ്തിരുന്നുവെങ്കിലും ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയതു കാരണം തുക സർക്കാരിലേക്ക് തിരികെപോയിട്ടുള്ളതുമാണ്.

പ്രീസ്കൂൾ കിറ്റ്, അങ്കണവാടി കണ്ടിജൻസി എന്നിവ അങ്കണവാടികളിൽ വിതരണം ചെയ്തിട്ടുള്ളതിനാൽ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ച് നൽകേണ്ട സാഹചര്യമാണെന്നും,

ആയതിനാൽ യഥാസമയം തുക വിനിയോഗിക്കാതിരുന്ന നടപടി മാപ്പാക്കി തുക അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ശിശുവികസന പദ്ധതി ഓഫീസർമാർ അഭ്യർത്ഥിച്ചിരുന്നു. ആയത് പരിഗണിച്ച് സാമ്പത്തിക വർഷാവസാനം ബില്ല് ഇ-സബ്മിറ്റ് ചെയ്യുവാൻ സാധിക്കാത്തതു കാരണം സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട 41,91,123/-രൂപയും, ബില്ലിൽ ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയത് കാരണം സർക്കാരിലേക്ക് തിരികെപോയ 12,42,869/-രൂപയും ചേർത്ത് 54,33,992/-രൂപ 2235-02-102-18-05-Additional State Assistance എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

പ്രസ്തുത തുക 2235-02-102-18-05-Additional State Assistance എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷം പ്രീസ്കൂൾ കിറ്റ്, അങ്കണവാടി കണ്ടിജൻസി എന്നിവയുടെ വാങ്ങൽ നടപടി സ്വീകരിക്കുകയും, സാധനങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനങ്ങൾക്ക് സാമ്പത്തിക വർഷാവസാനം ബില്ല് ഇ-സബ്മിറ്റ് ചെയ്യുവാൻ സാധിക്കാത്തതു കാരണം അനുവദിക്കേണ്ട 41,91,123/-രൂപയും, ബില്ലിൽ ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയതു കാരണം സർക്കാരിലേക്ക് തിരികെപോയ 12,42,869/-രൂപയും ചേർത്ത് ആകെ 54,33,992/-രൂപ (അൻപത്തിനാല് ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) അനുബന്ധം 1,2 ൽ ചേർത്തിരിക്കും പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-18-05-Additional State Assistance എന്ന ശീർഷകത്തിൽ നിന്നും ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുവദിക്കുന്നതിനായി അനുബന്ധം.3 ൽ ചേർത്തിരിക്കും പ്രകാരം ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് അലോട്ട്മെന്റായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ജില്ലാ വനിത ശിശുവികസന ഓഫീസർമാർ അനുബന്ധം. 1,2 ൽ ചേർത്തിരിക്കും പ്രകാരം ശിശുവികസന പദ്ധതി ഓഫീസർമാർക്ക് തുക അനുവദിച്ച് നൽകേണ്ടതാണ്.

ശിശുവികസന പദ്ധതി ഓഫീസർമാർ സാധനങ്ങൾ വിതരണം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് തുക മാറി നൽകേണ്ടതും തുക ചെലവഴിച്ചതിന്റെ യൂട്ടിലൈസേഷൻ

I/123635/2023

സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും, പ്രോഗ്രാം ഓഫീസർമാർ ജില്ലാതലത്തിൽ തുകയുടെ ചെലവ് വിവരം ക്രോഡീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഈ കാര്യാലയത്തിലേക്ക് അയച്ച് തരേണ്ടതുമാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന
ഓഫീസർമാർക്ക്

ബന്ധപ്പെട്ട ശിശുവികസന പദ്ധതി
ഓഫീസർമാർക്ക്

<u>പകർപ്പ്</u>

1.സൂപ്രണ്ട്, അലോട്ട്മെന്റ്/അക്കൗണ്ട് സെക്ഷൻ
2.സൂപ്രണ്ട്, പ്ലാനിംഗ് സെൽ
3.സ്റ്റോക്ക് ഫയൽ/സ്പെയർ

**Signed by Bindu Gopinath**
**Date: 31-10-2023 14:55:22**

I/123636/2023

<u>അനുബന്ധം. I</u>

2021-22 വർഷത്തെ പ്രീസ്കൂൾ കിറ്റ്, കണ്ടിജൻസി എന്നിവയുടെ വാങ്ങൽ നടപടികളിൽ ബില്ല് ഇ-സബ്മിറ്റ് ചെയ്യുവാൻ സാധിക്കാത്ത കാര്യാലയങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ വിശദാംശം

| ക്രമ നം | ജില്ല | ഐ.സി.ഡി.എസ് പ്രോജക്ടിന്റെ പേര് | അനുവദിക്കുന്ന തുകയുടെ വിവരം | | ആകെ |
|---|---|---|---|---|---|
| | | | പ്രീസ്കൂൾ കിറ്റ് | കണ്ടിജൻസി | |
| 1. | തിരുവനന്തപുരം | നേമം | 0 | 43053 | 43053 |
| 2. | കൊല്ലം | കൊല്ലം അർബൻ 2 | 0 | 192563 | 192563 |
| 3. | പത്തനംതിട്ട | കോന്നി അഡീഷണൽ | 0 | 83979 | 83979 |
| 4. | ആലപ്പുഴ | മുതുകുളം അഡീഷണൽ | 0 | 57331 | 57331 |
| 5. | കോട്ടയം | പള്ളം അഡീഷണൽ | 85954 | 0 | 85954 |
| 6. | ഇടുക്കി | അഡിമാലി അഡീഷണൽ | 0 | 49324 | 49324 |
| 7. | തൃശ്ശൂർ | 1.മതിലകം | 324150 | 0 | 324150 |
| | | 2.വടക്കാഞ്ചേരി | 369750 | 0 | 369750 |
| 8. | പാലക്കാട് | 1.മണ്ണാർക്കാട് | 0 | 260000 | 260000 |
| | | 2.ഒറ്റപ്പാലം അഡീഷണൽ | 49801 | 0 | 49801 |
| 9. | മലപ്പുറം | 1.കാളികാവ് | 262343 | 0 | 262343 |
| | | 2.താനൂർ അഡിഷണൽ | 96948 | 7065 | 104013 |
| | | 3.വേങ്ങര | 266467 | 0 | 266467 |
| | | 4.വണ്ടൂർ അഡിഷണൽ | 592050 | 100154 | 692204 |
| | | 5.മലപ്പുറം റൂറൽ | 350582 | 0 | 350582 |
| 10. | വയനാട് | പനമരം | 218850 | 46620 | **265470** |
| 11 | കാസർഗോഡ് | 1.കാസർഗോഡ് അഡീഷണൽ | 291594 | 0 | 291594 |
| | | 2.പരപ്പ അഡീഷണൽ | 318900 | 0 | 318900 |
| | | 3.നീലേശ്വരം അഡീഷണൽ | 123645 | 0 | 123645 |
| GRAND TOTAL | | | **3351034** | **840089** | **4191123** |

ആകെ 41,91,123/-രൂപ (നാൽപ്പത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി ഒരുന്നൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം)

വനിതശിശുവികസന ഡയറക്ടർ

**Signed by Bindu Gopinath**
**Date: 31-10-2023 14:56:05**

I/123637/2023

## അനുബന്ധം. 2

2021-22 വർഷത്തെ പ്രീസ്കൂൾ കിറ്റ്, കണ്ടിജൻസി എന്നിവയുടെ വാങ്ങൽ നടപടികളിൽ ബില്ലിൽ ഗുണഭോക്താവിന്റെ അക്കൗണ്ട് നം. തെറ്റായി രേഖപ്പെടുത്തിയതുമൂലം തുക സർക്കാരിലേക്ക് തിരികെ പോയ കാര്യാലയങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ വിശദാംശം

| ക്രമ നം | ജില്ല | ഐ.സി.ഡി.എസ് പ്രോജക്ടിന്റെ പേര് | അനുവദിക്കുന്ന തുകയുടെ വിവരം | | ആകെ |
|---|---|---|---|---|---|
| | | | പ്രീസ്കൂൾ കിറ്റ് | കണ്ടിജൻസി | |
| 1. | തിരുവനന്തപുരം | 1.നെടുമങ്ങാട് അഡീഷണൽ | 193050 | 0 | 193050 |
| | | 2.തിരുവനന്തപുരം അർബൻ-4 | 292950 | 0 | 292950 |
| | | 3.വാമനപുരം | 33849 | 71243 | 105092 |
| | | 4.വെള്ളനാട് അഡീഷണൽ | 0 | 4147 | 4147 |
| 2. | ആലപ്പുഴ | ചമ്പക്കുളം | 0 | 45585 | 45585 |
| 3. | എറണാകുളം | അങ്കമാലി | 0 | 58890 | 58890 |
| 4. | മലപ്പുറം | 1.തിരൂർ അഡീഷണൽ | 194576 | 0 | 194576 |
| | | 2.കുറ്റിപ്പുറം | 0 | 176000 | 176000 |
| 5. | കോഴിക്കോട് | വടകര അർബൻ | 43519 | 129060 | 172579 |
| GRAND TOTAL | | | 757944 | 484925 | 1242869 |

ആകെ 12,42,869/-രൂപ (പന്ത്രണ്ട് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി എണ്ണൂറ്റി അറുപത്തിയൊൻപത് രൂപ മാത്രം)

വനിതശിശുവികസന ഡയറക്ടർ

**Signed by Bindu Gopinath**
**Date: 31-10-2023 14:56:43**

'124326/2023

<u>അനുബന്ധം.3</u>

ജില്ലകൾക്ക് അനുവദിക്കേണ്ട തുകയുടെ വിശദാംശം

| ക്രമ നം | ജില്ല | അനുവദിക്കുന്ന തുക | | |
|---|---|---|---|---|
| | | പ്രീസ്കൂൾ കിറ്റ് | കണ്ടിജൻസി | ആകെ |
| 1 | തിരുവനന്തപുരം | 519849 | 118443 | 638292 |
| 2. | കൊല്ലം | 0 | 192563 | 192563 |
| 3. | പത്തനംതിട്ട | 0 | 83979 | 83979 |
| 4. | ആലപ്പുഴ | 0 | 102916 | 102916 |
| 5 | കോട്ടയം | 85954 | 0 | 85954 |
| 6 | ഇടുക്കി | 0 | 49324 | 49324 |
| 7. | എറണാകുളം | 0 | 58890 | 58890 |
| 8. | തൃശ്ശൂർ | 693900 | o | 693900 |
| 9 | പാലക്കാട് | 49801 | 260000 | 309801 |
| 10 | കോഴിക്കോട് | 43519 | 129060 | 172579 |
| 11 | മലപ്പുറം | 1762966 | 283219 | 2046185 |
| 12 | വയനാട് | 218850 | 46620 | 265470 |
| 13 | കാസർഗോഡ് | 734139 | 0 | 734139 |
| ആകെ | | 4108978 | 1325014 | 5433992 |

(ആകെ അൻപത്തിനാല് ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം)

**Signed by Bindu Gopinath**
**Date: 03-11-2023 11:16:22**